# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1455** 04.02.2019-ൽ മറുപടിയ്ക്ക്

## പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളുടെ റിസർവ്വോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിൽ മത്സ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള വർക്ക് ക്ഷേമനിധി അംഗത്വം, വലകൾ, ചെറു കൊട്ടവഞ്ചികൾ അടക്കമുള്ള ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | എ) മീൻപിടിച്ച് ഉപജീവനം നടത്തുന്ന അതിരപ്പള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിലെ ആദിവാസികളെ 1980 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം, മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 1980 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘം ആക്ട് പ്രകാരം പ്രസിദ്ധീകരിക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആദിവാസി മേഖലയിൽ ഉറ്റപ്പെട്ടിട്ടുള്ളവർ ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെയുള്ള എല്ലാ പദ്ധതി ആനുകൂല്യങ്ങൾക്കും അർഹരാണ്. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്നുണ്ട്. |
| ബി) പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളുടെ റിസർവ്വോയറുകളിൽ കരിമീൻ അടക്കമുള്ള തദ്ദേശീയ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ബി) പെരിങ്ങൽകുത്ത്, ഷോളയാർ ഡാമുകളുടെ റിസർവോയറുകളിൽ കരിമീൻ അടക്കമുള്ള തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**